# കുവൈറ്റ് നഷ്ടപരിഹാരം – അധിക തുക തിരിച്ചടയ്ക്കേണ്ടതില്ലെന്ന് കേന്ദ്രസർക്കാർ

ഇറാഖിന്റെ കുവൈറ്റ് അധിനിവേശത്തെത്തുടർന്ന് (1990 - 91) കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടി വന്നവർക്ക് ഐക്യരാഷ്ട്രസഭയുടെ നഷ്ടപരിഹാര സമിതി (യു.എൻ.സി.സി.) യിൽ നിന്നും ലഭിച്ച അധിക നഷ്ടപരിഹാരത്തുക തിരിച്ച് പിടിക്കേണ്ടതില്ലെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചു. നഷ്ടപരിഹാരത്തിനായി അപേക്ഷിച്ചവരിൽ ഏകദേശം 8500-ഓളം പേർക്ക് അർഹതപ്പെട്ടതിൽ കൂടുതൽ തുക നഷ്ടപരിഹാരം നൽകിയതായി യു.എൻ. നഷ്ടപരിഹാരസമിതിയുടെ ഇന്റേണൽ ഓഡിറ്റിംഗിൽ കണ്ടെത്തിയതനുസരിച്ച് ഈ തുക തിരിച്ചു പിടിക്കുന്നതിന് ബന്ധപ്പെട്ട സർക്കാരുകൾ മുഖേന യു.എൻ.സി.സി. ശ്രമം നടത്തി. സംസ്ഥാനത്ത് അധിക തുക ലഭിച്ചവർ ഇത് തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട് യു.എൻ.സി.സി. നഷ്ടപരിഹാര വിതരണത്തിന് കേരളത്തിൽ ചുമതലപ്പെടുത്തിയ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ ഇവർക്ക് നോട്ടീസയയ്ക്കുകയും ചെയ്തു. ലഭിച്ച നഷ്ടപരിഹാരത്തുക യഥാർത്ഥ നഷ്ടത്തേക്കാൾ കുറവായിരിക്കുകയും ഈ തുക ചികിത്സയ്ക്കും ദൈനംദിന ചെലവുകൾക്കുമായി ഉപയോഗിച്ച് കഴിയുകയും ചെയ്ത സ്ഥിതിക്ക് നൽകിയ നഷ്ടപരിഹാരത്തുക തിരിച്ച് പിടിക്കരുതെന്ന് സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

ഇൻഡ്യാ സർക്കാരിന് ലഭിക്കേണ്ട കാറ്റഗറി 'എഫ്'-ൽപ്പെട്ട നഷ്ടപരിഹാര തുകയിൽ നിന്ന് ഒൻപത് ദശലക്ഷം അമേരിക്കൻ ഡോളർ യു.എൻ.സി.സി. ഈടാക്കിയ സ്ഥിതിക്ക് അധിക നഷ്ടപരിഹാരം ലഭിച്ചവരിൽ നിന്ന് പ്രസ്തുത തുക തിരിച്ച് പിടിക്കേണ്ടതില്ല എന്ന് കേന്ദ്ര വിദേശകാര്യ വകുപ്പ് തീരുമാനിക്കുകയായിരുന്നു.